# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി3/1805/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in

തീയ്യതി : 27.09.2017

ഡപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി3/1805/2017 തീയതി: 27.09.2017

# കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 28.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ, ഡപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.08.2017 മുതൽ 31.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. എസ് . സബിത | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ .വി ഹരി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. പി. ഷൈനി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സി. ഷിപിൻ പീറ്റർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഇസെഡ്. ഡാനിഷ് | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി. അപ്പുകുട്ടൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി. എൻ. ആർ. രാധിക | 01.04.2016മുതൽ 31.03.2017വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കെ. കെ. വേലായുധൻ | 1.4.2016മുതൽ 31.3.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. പി. എം. റുമൈസ | 1.4.2016മുതൽ 31.3.2017വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. കെ. വി. രമേഷ് ദേവകി<br>ശ്രീമതി. പുഷ്പലത | 1.4.2016മുതൽ 2.6.2016വരെ<br>3.6.2016മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി. എം. കെ. ശ്രീവിദ്യ<br>ശ്രീമതി. സ്വപ്ന | 1.4.2016മുതൽ 24.7.2016വരെ<br>25.7.2016മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. കെ. എസ്. സജി | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം ) | ഡോ. മുഹമ്മദ് മുസ്തഫ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ ) | ഡോ. പി. ആർ. ആനന്ദ | 1.4.2016മുതൽ 31.3.2017വരെ |
| വി. ഇ. ഒ | ശ്രീ. പി. ഗോപാലകൃഷ്ണൻ | 1.4.2016മുതൽ 30.10.2016വരെ |
| | ശ്രീ. കെ. മണി<br>ശ്രീ. ജയകുമാർ | 31.10.2016മുതൽ 8.11.2016വരെ<br>9.11.2016 മുതൽ 31.3.2017വരെ |
| ഐ. സി. ഡ്. എസ് സൂപ്പർവൈസർ | ശ്രീമതി. പി. ജ്യോതി ലക്ഷ്മി | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | ഡോ. സി. ഉണ്ണികൃഷ്ണൻ | 1.4.2016മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ. കെ. പവിത്ര | 1.4.2016 മുതൽ 3.9.2016 വരെ |
| | ശ്രീ. പി. കെ. സനൽ കുമാർ | 5.9.2016 മുതൽ 23.12.2016 വരെ |
| | ശ്രീ. കെ. കെ. പുരുഷോത്തമ പ്രസാദ് | 9.1.2017മുതൽ 31.3.2017 വരെ |

# ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കുകളുടെ അപാകതകൾ |
| 12 | 2-2 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ |
| 13 | 2-3 | വസ്തുനികുതി പരിഷ്കരണ അവലോകനം |
| 14 | 2-4 | തൊഴിൽ നികുതി അപാകതകൾ |
| 15 | 2-5 | കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ കെട്ടിട നിർമ്മാണം. |
| 16 | 2-6 | ഡി & ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ |
| 17 | 2-7 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല. |
| 18 | 2-8 | ലൈസൻസ് പുതുക്കാത്ത സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയില്ല. |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | പദ്ധതി ചെലവ് കുറയുന്നത് – പ്രൊജക്ട് നിർവ്വഹണത്തിലെ വീഴ്ച |
| 20 | 3-2 | ഇന്റെന്റ് പ്രകാരമുള്ള മരുന്നുകൾ ഹോംകോ ലഭ്യമായില്ല. |
| 21 | 3-3 | വള്ളേ്യക്കാട്ട് കാട്ടിൽ പുനത്തിൽ കോളനി നടപ്പാത കോൺക്രീറ്റ് – അധിക കനത്തിൽ പ്രവൃത്തി ചെയ്തു |

| | | |
|---|---|---|
| 22 | 3-4 | മണ്ണ് ഫില്ലിംഗ് പ്രവൃത്തി – അധിക നിരക്ക് നൽകി |
| 23 | 3-5 | വിവിധ റോഡ് പ്രവൃത്തികൾ – സിമെന്റ് കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു |
| 24 | 3-6 | പി.എം.എ.വൈ വിഹിതം നൽകൽ – രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 25 | 3-7 | സമഗ്ര വിദ്യാഭ്യാസം – ശ്രദ്ധ – സബ്സിഡി മാർഗ്ഗ രേഖ ലംഘനം |
| 26 | 3-8 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – അപാകതകൾ |
| 27 | 3-9 | എസ്.എസ്.എ വിഹിതം – വിശദമായ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല. |
| 28 | 3-10 | മുൻകൂറുകൾ ക്രമീകരിച്ചില്ല. |
| 29 | 3-11 | യൂണിഫോം, ഫൂട്ട്‌വെയൽ അലവൻസ് |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 33 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 34 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 37 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 39 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 16.3.2017 തിയതിയിലെ 36/17 ംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 29.7.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 1,06,17,681

വരവ് - 3,69,02,982

ആകെ - 4,75,20,663

ചെലവ് - 3,55,74,178

നീക്കിയിരിപ്പ്- 1,19,46,485

## 1-5 ഫണ്ട് വിനിയോഗം ( എ.സി.ആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് ( എ.എഫ്.എസ് പ്രകാരമുള്ള വരവും ചെലവും ) | നീക്കിയിരിപ്പ്, | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,15,89,784 | 1,15,89,784 | 58,43,258 | 57,46,526 | 50.42 |
| വികസനഫണ്ട് എസ്.സി.പി. | - | 54,21,957 | 54,21,957 | 17,41,852 | 36,80,105 | 32.13 |
| വികസനഫണ്ട് ടി.എസ്.പി. | - | 5,604 | 5,604 | - | 5,604 | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 37,92,489 | 37,92,489 | 7,11,386 | 30,81,103 | 18.76 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 31,63,710 | 31,63,710 | 14,13,545 | 17,50,165 | 44.68 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 65,00,240 | 65,00,240 | 20,37,677 | 44,62,563 | 31.35 |
| പെർഫോമൻസ് ഗ്രാന്റ് | - | 39,78,931 | 39,78,931 | 6,75,909 | 33,03,022 | 16.99 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2,430 | 8,97,924 | 9,00,354 | 6,89,706 | 1,15,796 | 76.60 |
| ബി ഫണ്ട് | - | 46,47,0005 | 46,47,0005 | 46,47,0005 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 193 | 68 | 13 | 112 | 35 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29,24,696 | 46,00,719 | 16,76,023 | 57.30 |
| നികുതിയേതര വരവുകൾ | 5,87,320 | 7,04,434 | 11,7114 | 19.9 |
| മറ്റുവരവുകൾ | 1,74,862 | 83,667 | 91,195 | 52.15 |
| ആകെ | 36,86,878 | 53,88,820 | 17,01,942 | 46.16 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,72,360 | 378 |
| കർഷകതൊഴിലാളി പെൻഷൻ | 49,53,090 | 453 |
| വിധവാപെൻഷൻ | 1,72,14,210 | 1,160 |
| വാർദ്ധക്യകാലപെൻഷൻ | 1,64,06,870 | 1,461 |
| വികലാംഗപെൻഷൻ | 42,44,945 | 302 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 24,52,530 | 178 |
| വിവാഹ ധനസഹായം | 5,10,000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.8.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | മാർച്ച് 2017 | 2017 ജനവരി, ഫെബ്രുവരി | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2009-10 | എൽ.ബി.എ.എച്ച്.ക്യൂ. V 8എ 1694/157/ തീയതി 26.3.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്ന / പിരിഞ്ഞു കിട്ടാനുള്ള തുകകളിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

3.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

4. കുന്ദമംഗലം സർവീസ് സഹകരണ ബാങ്കിലെ 1001003829 നം. അക്കൗണ്ടിന്റെ 31.3.2017 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെപ്പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ദീർഘ കാലമായി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതെയിരിക്കുകയാണ്.

| ക്രമ നം. | ഡി.ഡി. നം./ തീയതി | തുക | ഇനം |
|---|---|---|---|
| 1 | 118852 / 15.9.2009 | 9,250 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് ജീവനക്കാരുടെ 2009-10 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി |
| 2 | 118851 / 15.9.2009 | 1,250 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ 2009-10 ഒന്നാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി |
| | ആകെ | 10,500 | |

5. വാർഷിക കണക്കു പ്രകാരം 31.3.2017 ലെ എസ്. ബി. ടി സാന്റ് അക്കൗണ്ടിലെ നീക്കിയിരുപ്പ് 1,011/- രൂപയാണ്. എന്നാൽ ബാങ്ക് സ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തീയതിയിൽ നീക്കിയിരിപ്പ് ഇല്ല.

6. എസ്. ബി. ടി സാന്റ് അക്കൗണ്ട്, എസ്.എം.ജി.ബി ഒ.എ.പി അക്കൗണ്ട്, കുന്ദമംഗലം സർവീസ് സഹകരണ ബാങ്ക് എസ്.എസ്.എ അക്കൗണ്ട്, കുന്ദമംഗലം സർവീസ് സഹകരണ ബാങ്ക് സാക്ഷരത അക്കൗണ്ട് , ട്രഷറി തനത് ഫണ്ട് വി.പി.എഫ്.എ 1-2 അക്കൗണ്ട് എന്നിവ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുകയാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതി സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം.3 ൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി വസ്തു നികുതി ചുമത്തി ഈടാക്കണം. ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പടെ)വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഒരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1)ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം.4 (1) ൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളെ എങ്ങനെ ഇനം തിരിച്ച്

കണക്കാക്കാമെന്ന് വിശദീകരിച്ചിട്ടുണ്ട്.

1. പാർപ്പിടാവശ്യത്തിനു ഉപയോഗിക്കുന്നവ.
2. വ്യാവസായികാവശ്യത്തിനു ഉപയോഗിക്കുന്നവ.
3. വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ഉപയോഗിക്കുന്നവ.
4. അമ്യൂസ്മെന്റ് പാർക്ക്, മൊബൈൽ ടെലഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ.
5. വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്നവ.
6. മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ.
7. സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ.

മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ 100 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക് ഒരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിച്ചപ്പോൾ 100 ചതുരശ്ര മീറ്ററിനു താഴെ വരികയും നിയമപരമായി പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയ്തു. പഞ്ചായത്ത് പരിധിയിലെ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യുപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു.

- ഫയൽ നം - എ.2/1022/16
- ഉടമസ്ഥന്റെ പേര്, മേൽവിലാസം - ശ്രീ.അബ്ദുൾ ലത്തീഫ്, എളവനപൊയിൽ, പറമ്പിൽ ബസാർ
- പെർമിറ്റ് നം, കെട്ടിട തരം - B.L.608/12-13, വാണിജ്യ കെട്ടിടം
- തറ നില വിസ്തീർണ്ണം - 153.27 ച.മീ., ഒന്നാം നില വിസ്തീർണ്ണം - 213.04 ച.മീ.
- റോഡിന്റെ പേര് - പറമ്പിൽ കടവ് - കുരുവട്ടൂർ - പുല്ലാളൂർ
- വഴി സൌകര്യം - 5 മീറ്ററിൽ കൂടുതൽ
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ ഇളവ് - ഇല്ല
- അടിസ്ഥാന വസ്തു നികുതിയിൻ മേൽ വർദ്ധനവ് - 20%
- ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി

  തറനില - 153.27 x 50 = 7663.50 x 20% (വർദ്ധനവ്) = 7663.5 + 1532.70= 9196.20

  ഒന്നാം നില – 213.04 x50 = 10652 x 20% (വർദ്ധനവ്) = 10652+ 2130.40= 12782.4

  ഇളവ് 5% - 12782.4 – 639.12 = 12143.28

  ആകെ കെട്ടിടത്തിന്റെ നികുതി - 9196.20 + 12143.28 = 21339.48 = 21339/-

  ലൈബ്രറി സെസ്സ് 5% - 21339 x 5% = 1067

  ആകെ - 21339 + 1067 = 22406/-

<u>ഈടാക്കിയ അടിസ്ഥാന വസ്തുനികുതി</u>

| കെട്ടിട നം (തറനില) | ഈടാക്കിയ നികുതി (ച.മീ.)+ ലൈ. സെസ്സ് | കെട്ടിട നം (ഒന്നാം നില) | ഈടാക്കിയ നികുതി (ച.മീ.)+ ലൈ. സെസ്സ് |
|---|---|---|---|
| 17/769-A , 17.31 m2 | 624 + 32 = 656 | 17/769-J, 40.12 m2 | 1373 + 69 = 1442 |
| 17/769-B, 16.72 m2 | 602 + 31 = 633 | 17/769-K, 27.62 m2 | 946 + 48 = 994 |
| 17/769-C, 18.76 m2 | 676 + 34 = 710 | 17/769-L, 25.58 m2 | 875 + 44 = 919 |
| 17/769-D, 16.72 m2 | 602 + 31 = 633 | 17/769-M, 25.30 m2 | 866 + 44 = 910 |
| 17/769-E, 16.44 m2 | 592 + 30 = 622 | 17/769-N, 22.02 m2 | 754 + 38 = 792 |
| 17/769-F, 18.01 m2 | 649 + 33 = 682 | 17/769-O, 21.84 m2 | 748 + 38 = 786 |
| 17/769-G, 17.37 m2 | 626 + 32 = 658 | 17/769-P, 25.48 m2 | 873 + 44 = 917 |
| 17/769-H, 15.74 m2 | 567 + 29 = 596 | 17/769- Q, 25.08 m2 | 858 + 43 = 901 |
| 17/769 – i, 16.20 m2 | 584 + 30 = 614 | | |
| ആകെ ഈടാക്കിയ വസ്തു നികുതി - 12815 + 650 = 13645 | | | |
| നികുതിയിനത്തിൽ കുറവ് വന്ന തുക – 8524 (21339 – 12815)<br>ലൈബ്രറി സെസ്സിനത്തിൽ കുറവ് വന്ന തുക – 1067-650 = 417 | | | |

മേൽ വിവരിച്ച കെട്ടിടത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ച് ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് വലിയ അളവിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും മേൽ വിവരിച്ച രീതിയിൽ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതും നിർണയിച്ചതുമായ കെട്ടിടങ്ങളെ കൂടുതൽ പരിശോധന നടത്തി കണ്ടെത്തി ഈ ഇനത്തിൽ വന്ന നഷ്ടം നികത്താനുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

## 2-3 വസ്തു നികുതി പരിഷ്കരണ അവലോകനം.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2011 ന് പ്രാബല്യത്തിൽ വരുത്തുന്നതിന് 28.06.2011 ലെ യോഗത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും (നം.58/2011) പുതിയ രീതിയിൽ നികുതി ഈടാക്കുന്നതിനായി കെട്ടിട ഉടമകളോട് വസ്തു നികുതി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് പൊതു നോട്ടീസ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. തുടർന്ന് നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്ന് തരം തിരിച്ച് വിജ്ഞാപനം ചെയ്തത് അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം പുനർ നിർണ്ണയിക്കുകയും ചെയ്തു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച.മീ |
|---|---|
| പാർപ്പിട ആവശ്യത്തിനുള്ളവ | 4/-രൂപ |
| വാണിജ്യാവശ്യത്തിനുള്ളവ<br>100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ തുടങ്ങിയവ | 30/- രൂപ |
| 100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ ഷോപ്പുകൾ തുടങ്ങിയവ | 50/- രൂപ |
| 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ ഹോട്ടൽ തുടങ്ങിയവ | 30/- രൂപ |
| 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ ഹോട്ടൽ തുടങ്ങിയവ | 70/- രൂപ |
| ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ തുടങ്ങിയവ | 40/- രൂപ |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 30/- രൂപ |

| | |
|---|---|
| വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 4/- രൂപ |
| ആശുപത്രികൾ | 4/-രൂപ |
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 20/- രൂപ |
| വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10/- രൂപ |
| 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40/- രൂപ |
| റിസോർട്ടുകൾ | 80/- രൂപ |
| അമ്യൂസ്മെന്റ് പാർക്ക് | 20/- രൂപ |
| മൊബൈൽ ടെലിഫോൺ ടവർ | 500/- രൂപ |

2013 ഏപ്രിൽ.1 മുതൽ ഗ്രാമപഞ്ചായത്തിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി പ്രാബല്യത്തിൽ വന്നു. നികുതിദായകർക്ക് തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിൽ ഡാറ്റാ എൻട്രി ചെയത് പൂർത്തീകരിച്ചിട്ടില്ല. എല്ലാ കെട്ടിടങ്ങൾക്കും ഫോറം നം-6 പൂരിപ്പിച്ചതിന് ശേഷം മാത്രമാണ് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തി താമസിക്കുന്നവരുടെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ സേവന ഉപനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിന് ഒരുനടപടിയും സ്വീകരിച്ചിട്ടില്ല

കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 13,108 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 10,344 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും, 2764 പാർപ്പിടേതര കെട്ടിടങ്ങളും ഉണ്ട്. ഇതിൽ 4 മൊബൈൽ ടവറുകളും ഉൾപ്പെടുന്നു.

<u>വസ്തു നികുതിയിനത്തിൽ 12.28 ലക്ഷത്തിൽപരം തുക കുടിശ്ശിക വരുത്തി.</u>

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രാകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുകയും വേണം. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 18 വാർഡുകളിൽ നിന്നായി 12,28,013/- രൂപ കുടിശ്ശിക ഈടാക്കുവാനുണ്ട്. (ഓഡിറ്റ് കാലയളവ് വരെ). 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട നിയമാനുസൃത നികുതി യഥാസമയം പിരിച്ചെടുക്കേണ്ടതാണ്.

## 2-4 <u>തൊഴിൽ നികുതി അപാകതകൾ</u>

കുരുവട്ടൂർ സർവ്വീസ് സഹകരണ ബാങ്കിൽലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ ശ്രീമതി. ദീപ്തി. കെ. എ എന്ന ജീവനക്കാരിയുടെ അർദ്ധവർഷത്തെ വരുമാനം 61,022/- രൂപയാണ്. രസീറ്റ് നമ്പർ 116011021130 തീയ്യതി 26.09.2016 പ്രകാരം 450/- രൂപയാണ് ശ്രീമതി. ദീപ്തി. കെ. എ അടവാക്കിയത്. എന്നാൽ യഥാർത്ഥത്തിൽ അടവാക്കേണ്ടത് 600/- രൂപയാണ്. ബാക്കി തുക ഈടാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ കെട്ടിട നിർമ്മാണം.

ഫയൽ നം.എ.3/8108/15

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ ആയുർവ്വേദ ആശുപത്രി കെട്ടിടം കാലപഴക്കം വന്നതിനാൽ ആയത് പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിന് ബഹു.എലത്തൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.ശശീന്ദ്രൻ എന്നവരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. [17.06.2014 ലെ സ.ഉ.(ആർ.ടി)നം.1984/2014/എച്ച്.&.എഫ്. ഡബ്ല്യു.ഡി]. പ്രസ്തുത കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച റഫ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 431.82 ച.മീറ്റർ തറവിസ്തീർണ്ണമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള (റീസർവേ നം.76/2B, 26 സെന്റ് ) സ്ഥലത്താണ് കെട്ടിടം പണിയുന്നത്. പ്രസ്തുത സ്ഥലത്തു തന്നെയാണ് ഗ്രാമപഞ്ചായത്ത് കാര്യാലയം, സബ്സെന്റർ കം അങ്കണവാടി കെട്ടിടം എന്നിവ സ്ഥിതി ചെയ്യുന്നത്. കെട്ടിടങ്ങളുടെ തറവിസ്തീർണ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | കെട്ടിടം | ആകെ തറവിസ്തീർണ്ണം |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് ഓഫീസ് ( 627.90 m2) | G.F – 209.30 m2 |
| | | F.F – 209.30 m2 |
| | | S.F – 209.30 m2 |
| 2 | സബ്സെന്റർ കം അങ്കണവാടി കെട്ടിടം, K.P/5/586, ( 141 m2) | G.F – 70.50 m2 |
| | | F.F – 70.50 m2 |
| 3 | ആയുർവ്വേദ കെട്ടിടം (പുതുക്കി പണിയുന്നത്) ( 431.82 m2) | G.F - 215.92 m2 |
| | | F.F - 215.92 m2 |
| ആകെ തറവിസ്തീർണ്ണം | | 1200.72 m2 |
| പ്ലോട്ട് വിസ്തീർണ്ണം (26 സെന്റ് x 40.47) | | 1052.22 m2 |

എ) കെട്ടിടത്തിന്റെ പ്ലാൻ, ഡ്രോയിംഗ് പത്രികകൾ പഞ്ചായത്തിൽ സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.5(2), 6 എന്നിവ പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ ഏതെങ്കിലും ഭൂവികസനമോ പുനർവികസനമോ നടത്തുന്ന സംഗതിയിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അനുബന്ധം.AA ലെ ഫോറത്തിൽ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകേണ്ടതും അപേക്ഷയോടൊപ്പം ചട്ടത്തിൽ നിർദ്ദേശിക്കും പ്രകാരം ആവശ്യമായ പ്ലാനുകൾ, ഡ്രോയിംഗുകൾ, പത്രികകൾ എന്നിവയുടെ മൂന്ന് പകർപ്പുകൾ, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന പ്രമാണങ്ങൾ, ചീഫ് ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണങ്ങളുടെ ചുമതല വഹിക്കുന്ന എഞ്ചിനിയീർ നൽകിയ സർട്ടിഫിക്കറ്റിന്റെ കോപ്പി തുടങ്ങിയ വിശദാംശങ്ങൾ സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ചട്ടം. 7(2) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പ് ഏതെങ്കിലും കെട്ടിടനിർമ്മാണത്തിന്റെ കാര്യത്തിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ, നിർമ്മാണം ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുമ്പ് നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനുകളുടെ ഒരു സെറ്റും ഈ പ്ലാൻ പ്രാദേശിക വികസന പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ പ്ലാനുകൾക്ക് അനുരൂപമാണെന്നും മുഖ്യ ആർക്കിടെക്റ്റ് അല്ലെങ്കിൽ നിർമ്മാണ ചുമതല വഹിക്കുന്ന എഞ്ചിനിയീർ നൽകിയ സർട്ടിഫിക്കറ്റോടു കൂടി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം.9(i) പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന സർക്കാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മേൽ വിവരിച്ചതും കെട്ടിട നിർമ്മാണവുമായി മറ്റ് വ്യവസ്ഥകളും നിലനിൽക്കെയാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് കെട്ടിട നിർമ്മാണവുമായി പഞ്ചായത്തിൽ സമർപ്പിക്കേണ്ട രേഖകൾ നൽകാതെ കെട്ടിടം പണി ആരംഭിച്ച്, നടത്തികൊണ്ടിരിക്കുന്നത്. പ്രസ്തുത കെട്ടിട

നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമപ്രകാരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ട രേഖകളുടെ പകർപ്പ് വാങ്ങി സൂക്ഷിക്കുന്നതിൽ സെക്രട്ടറിയും വീഴ്ച വരുത്തിയിട്ടുണ്ട്.

ബി) പ്ലോട്ട് വിസ്തീർണ്ണത്തിന്റെ കവറേജ് പരിഗണിക്കാതെ നിർമ്മാണം നടത്തി.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 അനുസരിച്ച് ഓഫീസ് ആവശ്യങ്ങൾക്ക് ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'E' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് കാറ്റഗറി.1ൽ പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ പരമാവധി അനുവദനീയമായ കവറേജ് (പ്ലോട്ട് വിസ്തീർണ്ണത്തിന്റെ) 40% ആണ്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ വ്യാപ്തി കണക്കാക്കിയാൽ 47% ത്തിൽ അധികരിക്കും. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്ലോട്ട് വിസ്തീർണ്ണം | 1052.22 എം.2 |
| 3 കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണം | 1200.72 എം.2 |
| ആകെ തറവിസ്തീർണ്ണം | 495.72എം.2 (215.92 + 209.30 + 70.50 ) |
| കെട്ടിട നിർമ്മാണം നടത്തിയത് | 495.72 x 100 / 1052.22 = 47.11% |

ആകെ പ്ലോട്ടിന്റെ അനുവദനീയമായ കവറേജ് കടന്നാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്.

സി) പാർക്കിങ്ങ് സൗകര്യമില്ലാതെ കെട്ടിട നിർമ്മാണത്തിന് അനുമതി നല്കി.

ചട്ടം.38 (1) മോട്ടോർ കാറുകളുടെ പാർക്കിംഗിന് വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിന്റേയും വിസ്തീർണ്ണം 15 ച.മീ (5.5 മീറ്റർ x 2.7 മീറ്റർ) കുറയാത്തതായിരിക്കണം. ഇരുചക്ര വാഹനങ്ങളുടേയും സൈക്കിളുകളുടേയും പാർക്കിംഗിന് വേണ്ടി തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും ആവശ്യമുള്ള വിസ്തീർണ്ണം യഥാക്രമം 3 ച.മീറ്ററും, 1.5 ച.മീറ്ററും ആയിരിക്കും. പട്ടിക 5.2 (5) ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അനുവദിക്കേണ്ട പാർക്കിംഗ് ഏരിയ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതു പ്രകാരം കെട്ടിടത്തിന്റെ ആകെ കാർപ്പെറ്റ് വിസ്തീർണ്ണം 1000 ച.മീ വരെയുള്ള കെട്ടിടത്തിന് 75 ച.മീ. കാർപ്പെറ്റ് വിസ്തീർണ്ണവും, 1000 ച.മീറ്ററിൽ കവിഞ്ഞുള്ളവക്ക് 50 ച.മീ. കാർപ്പെറ്റ് വിസ്തീർണ്ണവും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥ പാലിച്ചിട്ടല്ല കെട്ടിട നിർമ്മാണം നടത്തുന്നത്. ഇത് കെട്ടിടത്തിലേക്ക് സുഗമമായി പ്രവേശിക്കുന്നത് തടസ്സപ്പെടാനും സാധ്യതയുണ്ട്.

ഡി)കെട്ടിട നിർമ്മാണങ്ങൾ പൊതുജനങ്ങൾ കാണത്തക്കവിധം പ്രസിദ്ധീകരിച്ചില്ല.

ചട്ടം .117 പ്രകാരം ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിർമ്മാണ കാലാവധിയിലുടനീളം കെട്ടിട പെർമ്മിറ്റിന്റെ വിശദാംശങ്ങൾ, സൈറ്റിന്റെ പ്രവേശനത്തിനടുത്ത് 100 സെ.മീ. x 75 സെ.മീ. എന്ന വലുപ്പത്തിൽ കുറയാതെയുള്ള പരസ്യ പ്രദർശനങ്ങൾ (ബോർഡുകൾ) മുഖേന പൊതുജനങ്ങൾ കാണാത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ബോർഡിൽ കെട്ടിട പെർമ്മിറ്റിന്റെ തീയ്യതിയും, നമ്പറും, ഉടമയുടെയും, വികസിപ്പിക്കുന്നയാളിന്റേയും പേരും, ഫോൺ നമ്പറും, കെട്ടിടത്തിന്റെ കൈവശാവകാശ ഗണം, നിലകളുടെ എണ്ണം, പരിധി, തറവിസ്തീർണ്ണാനുപാതം, പാർക്കിംഗിനായുള്ള നീക്കിയിട്ടിരിക്കുന്ന സ്ഥലം, ചതുരശ്ര മീറ്ററിൽ ഓരോ നിലയുടേയും ഉപയോഗം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

03.03.2014 ലെ 01/ആർ.എ.1/2013/ ത.സ്വ.ഭ.വ. നം സർക്കുലറിലൂടെ 300 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളും, 150 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാസേതര കെട്ടിടങ്ങളും നിർമ്മാണം നടത്തുന്നവർ പ്രസ്തുത ചട്ടത്തിലെ മേൽ വ്യവസ്ഥ പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.

ഇ) മഴവെള്ള സംഭരണത്തിനായി സംവിധാനങ്ങൾ ഒരുക്കിയില്ല.

ചട്ടം.102 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എല്ലാ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴും പ്രവർത്തനക്ഷമതയുള്ള ഭൂഗർഭ ജലപോഷണ ക്രമീകരണങ്ങൾ അവിഭാജ്യ ഘടകമായി ക്രമീകരിക്കേണ്ടതാണ്. മഴവെള്ള സംഭരണ ക്രമീകരണത്തിന്റെ ഘടകങ്ങളിൽ താഴെ പറയുന്നവയാണ് ഉൾപ്പെട്ടിരിക്കേണ്ടത്.

1. മേൽക്കൂരയുടെ വെള്ളപാത്തികൾ.
2. താഴെക്കുള്ള പൈപ്പും ആദ്യ ഫ്ലഷ് പൈപ്പ് ക്രമീകരണങ്ങളും.

3. അരിക്കാനുള്ള യൂണിറ്റ്.
4. വെള്ളം എടുക്കുന്നതിനും വെള്ളം നിറഞ്ഞൊഴുകുന്നതിനും ഉള്ള സംവിധാനത്തോടു കൂടിയ സംഭരണ ടാങ്കം [ഒരു ച.മീ (കവറേജ് വിസ്തീർണ്ണത്തിന്) 50 ലിറ്റർ]

എന്നാൽ മേൽ ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല കെട്ടിട നിർമ്മാണം നിലവിൽ നടത്തുന്നത്.

മേൽ വിവരിച്ചവയിൽ നിന്നും ശരിയായ സ്ഥല പരിശോധന, കെട്ടിട നിർമ്മാണ പ്ലാൻ, ഡ്രോയിങ്ങ് എന്നിവയുടെ പരിശോധന തുടങ്ങിയവ നടത്താതെയാണ് പൊതുമരാമത്ത് വകുപ്പിന് കെട്ടിട നിർമ്മാണത്തിനായി പഞ്ചായത്ത് സ്ഥലം കൈമാറിയതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മാണ അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് സ്വീകരിക്കുന്ന നടപടക്രമങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-6 ഡി. & ഒ. ലൈസൻസ് നൽകുന്നതിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|
| നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ളസമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 135 | 273 | - | 408 |

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ വാണിജ്യ സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഡി.ആന്റ്.ഒ. ലൈസൻസ് ആവശ്യമായ 2273 കെട്ടിടങ്ങളുണ്ട്. (വാണിജ്യ കെട്ടിടങ്ങൾ - 2174, വ്യാവസായിക കെട്ടിടങ്ങൾ 82, ഓഡിറ്റോറിയം, ലോഡ്ജ് തുടങ്ങിയവ കെട്ടിടങ്ങൾ-17). പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരള പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും (67%) നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെയും മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്ന് വന്ന വീഴ്ചയാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ

സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നില്ല

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതായി കാണുന്നു.

1. ഷജിൻ സ്റ്റഡി സെൻെറർ, പയിമ്പ്ര
2. വിദ്യാലയ പയിമ്പ്ര
3. ബ്രില്ല്യൻസ് അക്കാദമി പയിമ്പ്ര
4. നവനീത് പറമ്പിൽബസാർ
5. നളന്ദ കോളേജ് പറമ്പിൽബസാർ
6. ഹൈനസ് കോളേജ് പറമ്പിൽബസാർ
7. ഗാർഡിയൻ പറമ്പിൽബസാർ
8. ഗാർഡിയൻ പയിമ്പ്ര
9. വിദ്യാനികേതൻ കമ്മങ്ങോട്ട്താഴം

കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം.3 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി റജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് അധികൃതർ രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 ലൈസൻസ് പുതുക്കാത്ത സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ (ചട്ടം.5) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിൻെറയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തികവർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. ചട്ടം.8 പ്രകാരം വ്യവസ്ഥകൾക്ക് വിരുദ്ധമായോ, രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനു ശേഷവും തുടർന്നുമോ,ഒരു സ്വകാര്യ ആശുപത്രിയുയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറുരൂപ വരെ ആകാവുന്ന അധിക പിഴ ശിക്ഷ നൽകേണ്ടതാണ്.

| രജിസ്ട്രേഷന് അപേക്ഷിച്ച തീയ്യതി | സ്ഥാപനത്തിൻെറ പേര് | നടത്തിപ്പുകാരൻെറ പേര്, മേൽവിലാസം | വാർഡ്, കെട്ടിട നം |
|---|---|---|---|
| 27.07.2016 | പെർഫെക്റ്റ് മെഡിക്കൽ ലാബോറട്ടറി | ശ്രീമതി.പ്രസീബ.എം മാമ്പറ്റ, കക്കോടി മുക്ക് | 12/71 |

| | | | |
|---|---|---|---|
| 29.07.2016 | അശ്വതിക്ലിനിക്ക് | ഡോ.പി.വാസുദേവൻ | 15/685 |
| 20.10.2016 | സ്മൈലക്സ് മൾട്ടിസ്പെഷാലിറ്റി ക്ലിനിക്ക് | ഡോ.ലിൻസി.എം.ജോസഫ് | 17/548 |
| 01.03.2017 | സായ് മെഡിക്കൽ ലാബോറട്ടറി | ശ്രീമതി.സനൂജ.കെ.പി | 4/308 |
| 01.03.2017 | ഹെൽത്ത് കെയർ ലാബോറട്ടറി | ശ്രീ.ഷംഷാദ്.കെ.പി | 2/205 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി ചെലവ് കുറയുന്നത് -പ്രൊജക്ട് നിർവ്വഹണത്തിലെ വീഴ്ച

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർക്ക് ചുമതലയുണ്ടായിരുന്ന 121 പ്രോജക്ടുകളിൽ 25 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. അസി. എഞ്ചിനീയർ വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയുടെ 12.04 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഇത് ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ, പശ്ചാത്തല മേഖലാ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7 | 19,14,904 | 8,47,252 | 44.24 |
| 2 | വെറ്ററിനറി സർജ്ജൻ | 9 | 5 | 37,04,640 | 17,11,793 | 46.21 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 4 | 4 | 10,22,680 | 7,38,993 | 72.26 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 1 | 1 | 2,00,000 | 2,00,000 | 100 |
